സാംസ്കാരിക വൈവിധ്യം

സംസ്കാരം എന്നത് സമൂഹത്തിന്റെ വിശ്വാസങ്ങൾ, മൂല്യങ്ങൾ, പെരുമാറ്റം, മാനദണ്ഡങ്ങൾ എന്നിവയെ സൂചിപ്പിക്കുന്നു. വൈവിധ്യം എന്നാൽ വർണം, ഭാഷ, വംശം, സാമൂഹിക-സാമ്പത്തിക നില അല്ലെങ്കിൽ സാംസ്കാരിക പശ്ചാത്തലം എന്നിവ ഉൾക്കൊള്ളുന്നു.

അധ്യാപക ഒഴിവ്

പെരിയ: ഡോ. അംബേദ്കർ ആർട്സ് ആൻഡ് സയൻസ് കോളജിൽ ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ്, കെമിസ്ട്രി വിഷയങ്ങളിൽ അസി. പ്രഫസറുടെ ഒഴിവുണ്ട്. താൽപര്യമുള്ളവർ 22ന് രാവിലെ 11.30ന് ഒറിജിനൽ സർട്ടിഫിക്കറ്റുമായി പെരിയയിലുള്ള അഡ്മിനിസ്ട്രേറ്റീവ് ഓഫിസിൽ നേരിട്ട് ഹാജരാകുക.

അമ്പെയ്ത്ത് പരിശീലനം

കാസർകോട്: ഫ്യൂച്ചർ ഒളിമ്പ്യൻസ് പ്രഫഷനൽ ട്രെയിനിങ് അക്കാദമിയും ഫിസിക്കലി ചലഞ്ചഡ് ഓൾ സ്പോർട്സ് അസോസിയേഷൻ കേരളയും സംയുക്തമായി ജില്ലയിലുള്ള സ്കൂളുകളിൽ കോ കരിക്കുലർ ആക്ടിവിറ്റിയിൽ അമ്പെയ്ത്ത് പരിശീലനം തുടങ്ങാൻ താൽപര്യമുള്ള സ്കൂളുകളിൽനിന്ന് അപേക്ഷ ക്ഷണിച്ചു. ഒളിമ്പിക്സ്, സ്കൂൾ ഗെയിംസ് കായികയിനമായ അമ്പെയ്ത്ത് സ്കൂളുകളിൽ തുടങ്ങുന്നതിന് ഉപകരണങ്ങൾ പരിശീലനത്തിനായി സ്കൂളുകൾക്ക് സൗജന്യമായി നൽകും. അമ്പെയ്ത്ത് പരിശീലനം തുടങ്ങുന്നതിന് കുറഞ്ഞത് 100 മീറ്റർ സ്ഥലമുള്ള സ്കൂളുകൾ മേയ് 24ന് അഞ്ചിനുമുമ്പ് അപേക്ഷകൾ ഇ-മെയിൽ സമർപ്പിക്കണം. അപേക്ഷ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്ക്: https://pcasak.weebly.com , 9809921065.

ഉപ്പളയിൽ ടൂറിസ്റ്റ് ബസും പിക്കപ്പ് വാനും കൂട്ടിയിടിച്ചു

ഉപ്പള: ഉപ്പളയിൽ ടൂറിസ്റ്റ് ബസും പിക്കപ്പ് വാനും കൂട്ടിയിടിച്ച് വാൻ ഡ്രൈവർക്ക് പരിക്കേറ്റു. തിങ്കൾ രാവിലെ 8.30നാണ് അപകടം. മംഗളൂരു ഭാഗത്തേക്ക് പോകുകയായിരുന്ന ബസും ഉപ്പളയിലേക്ക് വരികയായിരുന്ന പിക്കപ്പ് വാനുമാണ് കൂട്ടിയിടിച്ചത്.

ഉപ്പള പുഴയിൽ അനധികൃതമായി നിർമിച്ച കിണറുകൾ

അകാല ചരമമടയുമോ ഉപ്പള പുഴ?

നീരൂറ്റി അനധികൃത കിണറുകൾ

ഷബിൻരാജ് മട്ടന്നൂർ

കാസർകോട്: ദാഹനീരിനുവേണ്ടി ഊർധശ്വാസം വലിക്കുകയാണ് ഉപ്പള പുഴ. കിലോമീറ്ററുകളോളം മരുഭൂമിക്ക് സമാനമായ അവസ്ഥ. കൊടിയ വേനൽ മാത്രമല്ല പുഴയുടെ ഈ സ്ഥിതിക്ക് കാരണം. പുഴയിലെ അവസാന തുള്ളിയും ഊറ്റി വലിക്കുന്ന കിണറുകൾ കൂടിയാണ്.

കാർഷികാവശ്യത്തിന്റെ മറവിലുള്ള അമിതമായ ജലചൂഷണമാണ് ഇവിടെ നടക്കുന്നത്. ഉപ്പള പുഴയുടെ കരയിലാകെ വലിയ അടക്കാത്തോട്ടങ്ങളാണ്. അടക്കാകർഷകരുടെ മേഖലയിലെ പുഴയിൽ അനധികൃതമായി കുഴിച്ച കിണറുകൾക്ക് കണക്കില്ല. ഇത്തരത്തിൽ കിണർ കുഴിക്കണമെങ്കിൽ പഞ്ചായത്ത് സെക്രട്ടറിയുടെ അനുമതിയാവശ്യമാണ്. എന്നാൽ, ഒരനുമതിയുമില്ലാതെയാണ് ഈ കിണറുകൾ കുഴിച്ചിരിക്കുന്നത്. മുമ്പ് കലക്ടറുക്കം ഈ വിഷയത്തിൽ ഇടപെട്ടിരുന്നു. പഞ്ചായത്ത് സെക്രട്ടറിയടക്കമുള്ള അധികൃതർ ഇതു നിർത്തിവെക്കാൻ ആവശ്യപ്പെട്ടുവെന്നും പറയുന്നു. പക്ഷേ, കർഷക പ്രതിഷേധത്തിൽ മുട്ടുമടക്കിയിരിക്കുകയാണ് അധികൃതർ.

പൊതുജനങ്ങൾക്കുവേണ്ടി ജലനിധിയുടെ രണ്ടു കിണറുകൾ ഉപ്പള പുഴയിൽ കുഴിച്ചിട്ടുണ്ട്. ഒന്ന് ബുദ്രിയ പദ്ധതിയിലും മറ്റേത് അമ്മനടുക്കം പദ്ധതിയിലും. വേനൽക്കാലത്ത് കുടിവെള്ളം വീടുകളിലെത്തിക്കാൻ വേണ്ടിയാണീ കിണറുകൾ.

എന്നാൽ, കർഷകർക്കായി കുഴിച്ച കിണറുകളിൽനിന്ന് 24 മണിക്കൂറും വെള്ളമെടുക്കുന്നു. കാർഷികാവശ്യത്തിന് ജലമെടുക്കാൻ വൈദ്യുതി ചാർജ് സൗജന്യമായതുകൊണ്ടുതന്നെ യഥേഷ്ടം വെള്ളമാണ് ഇങ്ങനെ ഉപയോഗിക്കുന്നത്. രാവിലെ മോട്ടോർ ഓണാക്കിയാൽ പലപ്പോഴും ഓഫാക്കുന്നത് വൈകീട്ടാണ്. ഇതിന്റെ പിന്നിൽ വലിയ ലോബിയാണ് പ്രവർത്തിക്കുന്നതെന്ന് ജനങ്ങൾ പറയുന്നു.

ഇതുമൂലം മിയാപ്പദവ്, മീഞ്ച, പൈവളിഗെ എന്നീ പ്രദേശങ്ങളിൽ കുടിക്കാനുള്ള വെള്ളം കിട്ടാക്കനിയായിരിക്കുകയാണ്. കുഴൽക്കിണർ കുഴിച്ചാൽപോലും വെള്ളം കിട്ടാത്ത അവസ്ഥ. അമിത ജല ഉപഭോഗം ഭൂഗർഭജലത്തിന്റെ തോതിനെ കാര്യമായി ബാധിക്കും. 2017ലെ ഗ്രൗണ്ട് വാട്ടർ റിസോഴ്സസ് ഓഫ് കേരള റിപ്പോർട്ട് പ്രകാരം ജില്ലയിലെ കാഞ്ഞങ്ങാട്, കാറഡുക്ക, മഞ്ചേശ്വരം എന്നിവിടങ്ങളിൽ വ്യാപകമായ ഭൂഗർഭജല ദൗർലഭ്യ പ്രശ്നമാണുള്ളത്.

അനധികൃതമായി നിർമിച്ച കിണറുകൾ മൂടുകയോ അല്ലെങ്കിൽ മോട്ടോർ നിശ്ചിതസമയം പ്രവർത്തിപ്പിക്കുകയോ ആണ് ജനങ്ങൾ മുന്നോട്ടുവെക്കുന്ന പോംവഴി. കേരളത്തിലെ എല്ലാ നദികളുടേയും തോടുകളുടേയും കുളങ്ങളുടെയും നീർച്ചാലുകളുടേയും സംരക്ഷണം പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടും അധികൃതരുടെ മൂക്കിനുകീഴിൽ പരിധിയില്ലാതെയുള്ള ജലചൂഷണം തുടരുകയാണ്.

വറ്റിവരണ്ട് മരുഭൂ സമാനമായ ഉപ്പള പുഴ

എ.കെ.എം. അഷ്റഫ് (മഞ്ചേശ്വരം എം.എൽ.എ)

മഞ്ചേശ്വരം മണ്ഡലത്തിൽ കുടിവെള്ളം വലിയൊരു പ്രശ്നമാണ്. ഭൂഗർഭജലത്തിന്റെ അളവ് ക്രമാതീതമായി കുറഞ്ഞുവരുന്നതായാണ് റിപ്പോർട്ടുകൾ. ഉപ്പള പുഴയിലെ അനധികൃത കിണർനിർമാണം ശ്രദ്ധയിൽപെട്ടിട്ടില്ല. ഉണ്ടെങ്കിൽ ഇതിന് നിയന്ത്രണമേർപ്പെടുത്തും. കർഷകരുടെ ആവശ്യവും ന്യായമാണ്. പക്ഷേ, ജലത്തിന്റെ അളവ് കുറയുന്ന സാഹചര്യമുണ്ട്. കുടിവെള്ളമേഖലക്ക് മാത്രമായി അടുത്ത വേനൽക്കാലം ഫണ്ട് നീക്കിവെക്കും.

സുന്ദരി ആർ. ഷെട്ടി (മീഞ്ച പഞ്ചായത്ത് പ്രസിഡന്റ്)

ഉപ്പള പുഴയിൽ അനധികൃതമായി കിണർ കുഴിച്ത് കണ്ടിട്ടില്ല. ഇക്കാര്യം പറഞ്ഞ് കേട്ടിട്ടുണ്ട്. കർഷകരെ കുറ്റംപറയാൻ പറ്റില്ല.

എന്നാൽ, മോട്ടോർ മുഴുസമയം ഉപയോഗിക്കുന്നതും അനധികൃതമായി കിണർ കുഴിക്കുന്നതിനും നിയന്ത്രണമേർപ്പെടുത്തണം. വ്യാപകമായ കുടിവെള്ളപ്രശ്നമാണ് പഞ്ചായത്ത് അനുഭവിക്കുന്നത്. ഭൂഗർഭജലനിരപ്പ് താഴുന്ന അവസ്ഥയിൽ നിയന്ത്രണം ആവശ്യമാണ്.

മൊഗ്രാൽപുത്തൂരിലും മഞ്ചേശ്വരത്തും കവർച്ച

കാസർകോട്: മൊഗ്രാൽപുത്തൂരിൽ അടച്ചിട്ട വീട് കുത്തിത്തുറന്ന് മോഷണം. മൊഗ്രാൽപുത്തൂർ ടൗൺ ജുമാ മസ്ജിദിന് പിറകുവശം മുണ്ടേക്കാലിലെ ഇബ്രാഹിമിന്റെ വീട്ടിലാണ് കവർച്ച നടന്നത്. ഇബ്രാഹിമും ഭാര്യ മറിയുമ്മയും വീട് പൂട്ടി മജലിലുള്ള മകളുടെ വീട്ടിലായിരുന്നു താമസിച്ചിരുന്നത്.

തിങ്കളാഴ്ച രാത്രിയോടെ വീട്ടുകാർ എത്തിയപ്പോഴാണ് വീടിന്റെ മുൻവശത്തെ വാതിൽ പൂട്ട് തകർത്ത നിലയിൽ കാണുന്നത്. അകത്തെ അലമാരകൾ കുത്തിപ്പൊളിച്ച് വസ്ത്രങ്ങളും മറ്റും വലിച്ചെറിഞ്ഞ നിലയിലായിരുന്നു. വിവരമറിഞ്ഞ് കാസർകോട് ടൗൺ പൊലീസ് സ്ഥലത്തെത്തി.

മഞ്ചേശ്വരം: മഞ്ചേശ്വരം പാവൂർ മച്ചമ്പാടിയിൽ വീട്ടിൽ നിന്ന് ഒമ്പത് പവൻ സ്വർണാഭരണങ്ങളും ഒമ്പത് ലക്ഷം രൂപയും സൂക്ഷിച്ച ലോക്കർ മോഷ്ടിച്ചു. മച്ചമ്പാടി സി.എം നഗറിലെ ഗൾഫുകാരൻ ഖലീലിന്റെ വീട്ടിലാണ് കവർച്ച നടന്നത്. മറ്റൊരു വീട്ടിലും കവർച്ചക്ക് ശ്രമം നടത്തി. സി.സി.ടി.വിയിൽ പ്രതികളുടെ ദൃശ്യങ്ങൾ പതിഞ്ഞിട്ടുണ്ട്. കയർക്കട്ടയിലെ പൂട്ടിക്കിടന്ന കാസിമിന്റെ വീട്ടിലാണ് കവർച്ച ശ്രമംനടന്നത്. വീടിന്റെ വാതിൽ തകർത്ത് അകത്ത് കടന്ന സംഘം അലമാരകളും മറ്റും പരിശോധിച്ചതിന്റെ അടയാളങ്ങളുണ്ട്.

ഖലീലും കുടുംബവും ആറ് മാസം മുമ്പാണ് ഗൾഫിൽ പോയത്. ശനിയാഴ്ച രാത്രി വീട്ടിലെ സി.സി.ടി.വി ദൃശ്യങ്ങൾ ഖലീൽ മൊബൈലിൽ പരിശോധിക്കുകയായിരുന്നു. എന്നാൽ കാമറകൾ മോഷ്ടാക്കൾ തകർത്തത് കാരണം ദൃശ്യങ്ങൾ കാണാനായില്ല. തുടർന്ന് അയൽവാസിയെ വിളിച്ച് വിവരങ്ങൾ പറഞ്ഞു. അവർ എത്തി വീട് പരിശോധിച്ചപ്പോഴാണ് മോഷണ ശ്രമം നടന്ന വിവരം അറിഞ്ഞത്.

മഞ്ചേശ്വരം പൊലീസെത്തി പരിശോധന നടത്തി. സ്വർണാഭരണങ്ങളും പണവും സൂക്ഷിച്ച 30 കിലോയോളം വരുന്ന ലോക്കറാണ് കൊണ്ടുപോയത്. രണ്ടുപേർ ഇത് ചെയ്യുന്നത് സി.സി.ടി.വിയൽ പതിഞ്ഞിട്ടുണ്ട്.

ഫ്രറ്റേണിറ്റി മൂവ്മെന്റ് ജില്ല കമ്മിറ്റി സംഘടിപ്പിച്ച ഹയർ സെക്കൻഡറി വിദ്യാർഥി സമ്മേളനം സംസ്ഥാന വൈസ് പ്രസിഡന്റ് നഈം ഗഫൂർ ഉദ്ഘാടനം ചെയ്യുന്നു

പ്ലസ് വൺ: പുതിയ ബാച്ചുകളാണ് പരിഹാരം - ഫ്രറ്റേണിറ്റി മൂവ്മെന്റ്

കാസർകോട്: പ്ലസ് വൺ സീറ്റ് വിഷയത്തിൽ മാർജിനൽ സീറ്റ് വർധിപ്പിച്ച് സർക്കാർ നടത്തുന്ന പൊടിക്കൈകൾ അവസാനിപ്പിച്ച് പുതിയ സ്ഥിരം ബാച്ചുകൾ അനുവദിക്കണമെന്ന് ഫ്രറ്റേണിറ്റി മൂവ്മെന്റ് സംസ്ഥാന വൈസ് പ്രസിഡന്റ് നഈം ഗഫൂർ പറഞ്ഞു. 'നിഴലുകളിൽ നിന്ന് നക്ഷത്രങ്ങളിലേക്ക്' എന്ന തലക്കെട്ടിൽ ഫ്രറ്റേണിറ്റി മൂവ്മെന്റ് ജില്ല കമ്മിറ്റി നടത്തിയ ഹയർ സെക്കൻഡറി വിദ്യാർഥി സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു. എസ്.എസ്.എൽ.സി വിജയികളായ മുഴുവൻ വിദ്യാർഥികൾക്കും ജില്ലയിൽ പ്ലസ് വൺ സീറ്റുകൾ ലഭ്യമാക്കണമെന്നും അദ്ദേഹം പറഞ്ഞു. ഈ വർഷം പ്ലസ്ടു വിജയികളായ 11374 കുട്ടികൾക്ക് ഉപരിപഠനത്തിന് സർക്കാർ, എയിഡഡ് കോളജുകളിൽ 1844 സീറ്റുകൾ മാത്രമുള്ളത് സർക്കാർ ജില്ലയോട് തുടരുന്ന വിവേചനത്തിന്റെ തെളിവാണ്. അദ്ദേഹം കൂട്ടിച്ചേർത്തു. ജില്ല പ്രസിഡന്റ് സി.എ യൂസുഫ് അധ്യക്ഷതവഹിച്ചു. സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം മുനീബ് എലങ്കമൽ, സംസ്ഥാന കാമ്പസ് അസി. സെക്രട്ടറി ടി.എം. ആഷിഖ്, വെൽഫെയർ പാർട്ടി ജില്ല ട്രഷറർ മഹ്മൂദ് പള്ളിപ്പുഴ, ഖത്തർ കൾച്ചറൽ ഫോറം മുൻ സംസ്ഥാന പ്രസിഡന്റ് മുഹമ്മദ് കുഞ്ഞി തയലക്കണ്ടി, ഫ്രറ്റേണിറ്റി ജില്ല ജനറൽ സെക്രട്ടറി എൻ.എം വാജിദ്, സഹീറ ലത്തീഫ്, റാഷിദ് മുഹിയുദ്ദീൻ, ഷാഹ്ബാസ് കോളിയാട്ട്, ഇബാദ അഷ്റഫ്, സിറാജുദ്ദീൻ മുജാഹിദ്, വഫ അഷ്റഫ് എന്നിവർ സംസാരിച്ചു. സ്റ്റുഡന്റ് ട്രൈനർ പി.ടി ഫായിസ് മോട്ടിവേഷൻ ക്ലാസെടുത്തു. എസ്.എസ്.എൽ.സി, പ്ലസ്ടു വിജയികളെ അനുമോദിച്ചു. ഫ്രറ്റേണിറ്റി ജില്ല ജനറൽ സെക്രട്ടറി റാസിഖ് മഞ്ചേശ്വരം സ്വാഗതവും അഡ്വ. ഫൈമ കീഴൂർ നന്ദിയും പറഞ്ഞു.

സിജി കരിയർ വിസ്റ്റയും ആദരവും

കാഞ്ഞങ്ങാട്: സെന്റർ ഫോർ ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ഇന്ത്യ (സിജി) ജില്ല ഘടകത്തിന്റെ നേതൃത്വത്തിൽ കരിയർ വിസ്റ്റയും ആദരസമ്മേളനവും നടത്തി. സിവിൽ സർവീസ് റാങ്ക് ജേതാവ് അനുഷ ആർ. ചന്ദ്രൻ ഉദ്ഘാടനം ചെയ്തു.

'തന്റെ കരിയറിലെ ആറാം ക്ലാസ് തൊട്ടുള്ള അതിയായ ആഗ്രഹമായിരുന്നു സിവിൽ സർവീസ്, വായനയുടെയും പൊതുവിജ്ഞാനത്തിന്റെയും കാലിക വിഷയങ്ങളിലെ താൽപര്യത്തിന്റെയും അടിസ്ഥാനത്തിലാണ് അത് നേടാനായത്' -അനുഷ ആർ. ചന്ദ്രൻ പറഞ്ഞു. സിവിൽ സർവീസ് കരസ്ഥമാക്കിയ രാഹുൽ രാഘവൻ, സൂരജ് എന്നിവരെ ആദരിച്ചു. സുഹൈൽ, വി.കെ.പി. ഇസ്മായിൽ, മുജീബുല്ല കൈന്താർ, എം.എ. അസ്ല, എ.ജി.എ. ഹക്കീം, ഡോ. അഷ്റഫ് എന്നിവർ സംസാരിച്ചു. കരിയർ പാനൽ പ്രസന്റേഷൻ, കരിയർ കൗൺസിലിങ്, അഭിരുചി നിർണയ പരീക്ഷ സഹായം കരിയർ എക്സ്പോ എന്നിവയും നടന്നു.

ബസ് സ്റ്റേഷനുകളിൽ വായനകേന്ദ്രങ്ങൾ സ്ഥാപിക്കണം

കാഞ്ഞങ്ങാട്: കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിൽ യാത്രക്കാർക്കും ജീവനക്കാർക്കും ഉപകരിക്കുവിധം വായനാകേന്ദ്രങ്ങൾ സ്ഥാപിക്കണമെന്ന് കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ സാംസ്കാരിക സാഹിത്യ കൂട്ടായ്മയായ 'വായനശാല'യുടെ സംസ്ഥാന വാർഷിക ജനറൽബോഡി ആവശ്യപ്പെട്ടു. പി.വി. രതീശൻ അധ്യക്ഷതവഹിച്ചു. കെ. പ്രദീപ് കുമാർ, ഡി. ഗൗതമൻ, സുരേഷ് പയ്യങ്ങാനം, കെ.എം. രാജേഷ്, വത്സല രാജൻ, ജെ. ശ്രീജ, അനിൽ കെ. നിള, ബി.കെ. സുകുമാരൻ, രശ്മി നാരായൺ, ഫാറൂഖ് ചുള്ളിമാനൂർ എന്നിവർ സംസാരിച്ചു.

പകർച്ചവ്യാധികൾക്കെതിരെ പിലിക്കോട് ശുചിത്വ ലോക് ഡൗൺ

ചെറുവത്തൂർ: മഴക്കാലാരംഭത്തോടെ കൂടി പടർന്നുപിടിക്കാൻ സാധ്യതയുള്ള പകർച്ചവ്യാധികൾക്കെതിരെ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കി പിലിക്കോട് ഗ്രാമപഞ്ചായത്തും ഓലാട്ട് കുടുംബാരോഗ്യകേന്ദ്രവും. മാലിന്യമുക്ത നവകേരളം എന്ന സന്ദേശം ഉയർത്തി നടക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് ശുചിത്വ ലോക്ഡൗൺ സംഘടിപ്പിച്ചത്.

കൊതുകിന്റെ വളർച്ചക്ക് കാരണങ്ങൾ ആകുന്ന ഉറവിടങ്ങൾ നീക്കം ചെയ്യുന്നതിലൂടെ കൊതുകുകളുടെ വളർച്ചക്കും രോഗങ്ങളുടെ വ്യാപനത്തിനും പൂട്ടിടുക എന്ന സന്ദേശമാണ് ശുചിത്വ ലോക്ക് ഡൗണിലൂടെ നൽകുന്നത്. ജലജന്യരോഗ വ്യാപനത്തിനെതിരെ കുടിവെള്ള സ്രോതസ്സുകളുടെ ശുദ്ധീകരണം നടന്നു വരുന്നുണ്ട്. പഞ്ചായത്തിലെ മുഴുവൻ വീടുകളിലും ഈ സന്ദേശം അയൽക്കൂട്ടങ്ങൾ വഴി എത്തിച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾ ചെയ്തത്. ശുചിത്വ ലോക്ക് ഡൗണിന്റെ പഞ്ചായത്ത് തല ഉദ്ഘാടനം വറക്കോട്ട് വയലിൽ പഞ്ചായത്ത് പ്രസിഡന്റ് പി.പി. പ്രസന്നകുമാരി നിർവഹിച്ചു. ബോധവൽക്കരണ ലഘുലേഖ വിതരണം ചെയ്തു. പഞ്ചായത്ത് അംഗം വി. പ്രദീപ് അധ്യക്ഷതവഹിച്ചു.

പഞ്ചായത്ത് വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷ സി.വി. ചന്ദ്രമതി, പഞ്ചായത്തംഗം രവീന്ദ്രൻ മാണിയാട്ട്, ഹെൽത്ത് ഇൻസ്പെക്ടർമാരായ പി.വി. മഹേഷ് കുമാർ, സി.വി. സുരേഷ് എന്നിവർ സംസാരിച്ചു.

ഓലാട്ട് കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ: കെ.ആർ. രഞ്ജിത്ത് സ്വാഗതവും ആശ പ്രവർത്തക ഓമന നന്ദിയും പറഞ്ഞു.

തൊഴിൽ സംരക്ഷണ ബോധവത്കരണ ജാഥ കെ.കെ. റശീദ് ജാഥാ ക്യാപ്റ്റൻ സലീം മൂവാറ്റുപുഴക്ക് പതാക കൈമാറി ഉദ്ഘാടനം ചെയ്യുന്നു

തൊഴിൽ സംരക്ഷണ ബോധവത്കരണ ജാഥ

കാസർകോട്: മോട്ടോർ വെഹിക്കിൾ ഡോക്യുമെന്റ് സർവിസ് പ്രൊവൈഡേഴ്സ് ഓർഗനൈസേഷൻ ഓഫ് കേരള (എം.വി.ഡി.എസ്.പി.ഒ.കെ) സംസ്ഥാന തൊഴിൽസംരക്ഷണ ബോധവത്കരണ ജാഥക്ക് കാസർകോട്ട് തുടക്കമായി. മോട്ടോർ വെഹിക്കിൾ ഡോക്യുമെന്റ് സർവിസ് പ്രൊവൈഡേഴ്സ് ഓർഗനൈസേഷൻ ഓഫ് കേരള (എം.വി.ഡി.എസ്.പി.ഒ.കെ) സംസ്ഥാന പ്രസിഡന്റ് കെ.കെ. റശീദ് ജാഥാ ക്യാപ്റ്റൻ സലീം മൂവാറ്റുപുഴക്ക് പതാക കൈമാറി ഉദ്ഘാടനം ചെയ്തു. ജില്ല പ്രസിഡന്റ് കെ. യൂസഫ് അധ്യക്ഷത വഹിച്ചു. ജാഥാ അംഗങ്ങളായ ഹർഷാദ്, മുഹമ്മദ്, രാമചന്ദ്ര, യൂസഫ്, ബി. രാധകൃഷ്ണ റാവു, മാധവൻ നായർ, ആഷിക് എന്നിവർ സംബന്ധിച്ചു. ജില്ല സെക്രട്ടറി പി.എം. സിദ്ദീഖ് സ്വാഗതം പറഞ്ഞു. ജാഥ ജൂൺ 23ന് പാറശ്ശാലയിൽ സമാപിക്കും

കയ്യൂർ ഗവ. ഹയർ സെക്കൻഡറിയിൽനിന്ന് എസ്.എസ്.എൽ.സി പരീക്ഷയിൽ മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടിയവർ

1. പി. ദേവനന്ദ് 2. സി.എസ്. ദേവാനന്ദ് 3. എം. നന്ദകിഷോർ 4. പി. നിരഞ്ജൻ 5. ദേവിക കെ. നായർ

6. കെ.വി. നിരഞ്ജന7. ടി.കെ. നേഹ 8. ബി.ആർ. നേഘ 9. പി.വി. നേഹ10. പാർഥിവ് എസ്. ദിനേശ് 11. ടി. മാനസ 12.കെ. യദുകൃഷ്ണ 13. കെ.വി. യദുകൃഷ്ണൻ 14. കെ.വി. യദുരാജ് 15. പി.വി. രോഹിത്

16. ടി.ടി. വിഷ്ണുപ്രസാദ് 17. എസ്. വൈഗ 18. കെ. വൈഗലക്ഷ്മി 19. കെ. ശ്രീലക്ഷ്മി 20. എം. ശ്രേയ 21. ടി.വി. ശ്രേയ 22. പി. വൈഗ 23. സി. ശ്രേയസ്സ് 24. സ്നിഗ്ധ നാരായണൻ 25. എൻ. ഹരിനന്ദൻ

നിരവധി കേസുകളിലെ പ്രതി അറസ്റ്റിൽ

മൊഗ്രാൽ: ഓട്ടോ ഡ്രൈവർക്ക് നേരെ കത്തി കാട്ടി ഭീഷണിപ്പെടുത്തിയ കേസിൽ നിരവധി കേസുകളിൽ പ്രതിയായ 58കാരനെ കുമ്പള പൊലീസ് അറസ്റ്റ് ചെയ്തു. ശാന്തിപ്പള്ളത്തെ ശിവരാമനെയാണ്(58)അറസ്റ്റ് ചെയ്തത്. കുമ്പള ഓട്ടോ സ്റ്റാൻഡിൽ എത്തി ശിവൻ ഓട്ടോ ഡ്രൈവർ കൊടിയമ്മ മുളിയടുക്കയിലെ ഇബ്രാഹിമിനെ കത്തി കാട്ടി മടങ്ങുകയും പിന്നീട് വീണ്ടും എത്തി കത്തി കാട്ടി കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയുമായിരുന്നു. അതിനിടെ മറ്റു ഓട്ടോ ഡ്രൈവർമാർ ചേർന്ന് ശിവനെ തടഞ്ഞുവെച്ച് പൊലീസിൽ ഏൽപ്പിക്കുകയായിരുന്നു. പൊലീസ് വധശ്രമത്തിന് കേസെടുത്തു. പ്രതിയെ കോടതി റിമാൻഡ് ചെയ്തു.

റീജണൽ ഓഫീസ് കണ്ണൂർ

SOUTH INDIAN Bank

എസ്.ഐ.ബി. ഹൗസ്, ചാലാട് - അലവിൽ റോഡ്, കണ്ണൂർ
പിൻ: 670 014, കേരള, ഫോൺ: +91 497 2713233/34/35
email: ro1016@sib.co.in, CIN No.L65191KL1929PLC001017

രജി. ഓഫീസ്: എസ്.ഐ.ബി ഹൗസ്, ടി.ബി. റോഡ്, തൃശ്ശൂർ-680001, കേരള, ഫോൺ: 0487 2420020
E-mail: sibcorporate@sib.co.in, Website: www.southindianbank.com

വസ്തു ഇ-ലേല വിൽപ്പന നോട്ടീസ് [റൂൾ-8 (6) & 9(1)]

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്റ്റസ്റ്റ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമം, 2002 പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് 2002 റൂൾ 8 (6) & 9 (1) പ്രകാരവും വായ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിക്കുന്ന സ്ഥാവരവസ്തു ഇ-ലേല വിൽപ്പന നോട്ടീസ്.

പരേതനായ സി.എച്ച്. അബ്ദുള്ളയുടെ നിയമപരമായ അവകാശികളും ജാമ്യക്കാരുമായ **(1) ശ്രീ. സനാഹുൽ മഹ്സൂഖ് സി.എ. (2) ശ്രീമതി നസീമ, (3) ശ്രീമതി ഫാത്തിമത്ത് ശർമിന, (4) ശ്രീ. മുഹമ്മദ് ഷബീബ് സി.എ., (5) ശ്രീ. ഷഹബാസ് മഹ്ഫർ (6) ശ്രീ. ഷാഹിൽ മെഹ്ജൂബ് അബ്ദുല്ല** എല്ലാവരും താമസിക്കുന്നത് എസ് നം. എസ്-4, ആർ ആർ റസിഡൻസി, സോക്കോറോ, പോർവോറിയം, നോർത്ത് ഗോവ, ഗോവ 403521, കൂടാതെ സി.ജി.പി. 15/923, ചെർക്കള ഹൗസ്, ചെർക്കള, ചെങ്കള പി ഒ, കാസർകോട്, കേരളം - 671541

താഴെ പറയുന്ന വസ്തുവഹകൾ **സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ മൊഗ്രാൽ ബ്രാഞ്ചിൽ** ജാമ്യവസ്തുക്കളായി നൽകിയിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ കൈവശത്തിലെടുത്തിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് **മൊഗ്രാൽ** ബ്രാഞ്ചിന് മുകളിൽ പറഞ്ഞ വായ്പക്കാർ/ജാമ്യക്കാർ/നിയമപരമായ അവകാശികൾ എന്നിവരിൽ നിന്നും **17.05.2024**ന് കിട്ടുവാനുള്ള തുകയായ **6,78,31,000.31 (ആറ് കോടി എഴുപത്തിയെട്ട് ലക്ഷത്തി മുപ്പത്തിയൊന്നായിരം രൂപ മുപ്പത്തിയൊന്ന് പൈസ മാത്രം)** തിരിച്ചുപിടിക്കുന്നതിനായി വസ്തുവഹകൾ ഇപ്പോൾ എവിടെയാണോ എങ്ങിനെയാണോ ഏതൊക്കെയാണോ എന്ന അടിസ്ഥാനത്തിൽ **11.06.2024**ന് ബാങ്ക് വിൽക്കുന്നതായിരിക്കും.

സ്ഥാവര വസ്തുക്കളുടെ വിവരങ്ങൾ

ഐറ്റം നം.1: **വസ്തു ഉടമയുടെ പേര്:** സി.എച്ച്. അബ്ദുള്ളയുടെ നിയമപരമായ അവകാശികൾ. **വസ്തുവിന്റെ വിവരണം:** കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിലെ മുട്ടത്തൊടി വില്ലേജിൽ റീസർവ്വെ നം. 296/2ബി3 പി.ടി. (പട്ടയ പ്രകാരം 296/2എ3 ബി.പി.ടി.), 296/2 ബി.പി.ടി. (തണ്ടപ്പേർ അക്കൗണ്ട് പ്രകാരം 295/1 പി.ടി. 8) സി.എച്ച്. അബ്ദുള്ളയുടെ ഉടമസ്ഥതയിൽ കാസർഗോഡ് എസ്.ആർ.ഒ യിൽ 10.04.2008ന് രജിസ്റ്റർ ചെയ്ത 1971/2008 വിൽപ്പന ആധാരപ്രകാരം പുരോഗതിയോട് കൂടിയ മുഴുവനും ഭാഗികവുമായ നിർമ്മാണങ്ങളും, മെച്ചപ്പെടുത്തലുകളും എല്ലാ വിധ